ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) കടൽ രക്ഷാസേനയുടെ രൂപീകരണം പുരോഗതിയിലാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. നേവിമുഖേനയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോർട്ട് മാനേജ്മെന്റ് (ചെന്നൈ) മുഖേനയും പരിശീലനം നല്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി) നാവികസേനയുടെ പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ഫിഷറീസ് വകുപ്പിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) കടൽ രക്ഷാസേനയുടെ രൂപീകരണത്തിനായി 1999-2000 വർഷത്തിൽ 1,42,000 രൂപ എല്ലാ കടലോരജില്ലകളിലേക്കും ഇതിനായി നൽകിയിട്ടുണ്ട്. 1998-1999-ൽ 5 ലക്ഷം രൂപാ രക്ഷാപ്രവർത്തനവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

ഏരിയാ ഇന്റൻസീവ് പ്രോഗ്രാം

6 (* 541) ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് കേരളത്തിൽ കേന്ദ്രം എന്തു തുക ഗ്രാന്റായി അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് ഏതൊക്കെ കാലയളവിലേയ്ക്കാണ് അനുവദിച്ചത് ;

(സി) സംസ്ഥാനത്ത് ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത് ;

(ഡി) ഗ്രാന്റായി അനുവദിച്ചതിൽ എത്ര തുക ഇതുവരെ സംസ്ഥാന ഗവൺമെന്റ് ഉപയോഗിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ തുക മുഴുവനായി ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്)

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഏരിയാ ഇന്റൻസീവ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷണലി ബാക്ക്വേർഡ് മൈനോരിറ്റീസ്" പ്രകാരം സംസ്ഥാന സർക്കാരിന് മൊത്തം 223.46 ലക്ഷം രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്.

(ബി) ഗ്രാന്റ് ലഭിച്ചതിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ഗ്രാന്റായി ലഭിച്ച തുക
1994-95 രണ്ടാം ഘട്ടത്തിന്റെ	35. 16 ലക്ഷം രൂപ
1995-96 ഒന്നാം ഗഡു	70. 32 ലക്ഷം രൂപ
1997-98 രണ്ടാം ഗഡു	105. 48 ലക്ഷം രൂപ
1997-98 രണ്ടാം ഘട്ടം ഒന്നാം ഗഡു	12. 50 ലക്ഷം രൂപ

(സി) പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുവാൻ വേണ്ട അടിസ്ഥാന ഭൗതിക ആവശ്യങ്ങൾക്കാണ് ഗ്രാന്റ് നൽകുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിലേയ്ക്കായി ആണ് ബന്ധപ്പെട്ട സന്നദ്ധ സംഘടനകൾക്ക് വിതരണം ചെയ്യുന്നത്.

(ഡി) ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 42 സ്കൂളുകൾ തുടങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകൾക്കായി 1994 മുതൽ 1996 വരെ ലഭിച്ച ഒന്നാം ഗഡു ഗ്രാന്റായ 105.48 ലക്ഷം രൂപയിൽ 101.88 ലക്ഷം രൂപ വിനിയോഗിച്ചു. 1997-98-ൽ ലഭിച്ച രണ്ടാം ഗഡുവായ 105.48 ലക്ഷം രൂപയിൽ 97.20 ലക്ഷം രൂപ വിനിയോഗിച്ചു.

(ഇ) ആദ്യ ഗഡുവായി ലഭിച്ച ഗ്രാന്റിൽ, രണ്ടു സ്കൂളുകളുടെ പേരിൽ കോടതിയിൽ കേസ് നിലവിൽ ഉള്ളതിനാൽ ഗ്രാന്റ് തുക (3.6 ലക്ഷം രൂപ) വിതരണം ചെയ്തിട്ടില്ല. രണ്ടാം ഗഡുവായി ലഭിച്ച ഗ്രാന്റിൽ, 5 സ്കൂളുകളുടെ പേരിൽ കേസ് നിലവിൽ ഉള്ളതിനാൽ ഗ്രാന്റ് തുക (8.28 ലക്ഷം രൂപ) നൽകിയിട്ടില്ല. പദ്ധതിയുടെ രണ്ടാം ഘട്ടമായി തുടങ്ങുവാനുള്ള സ്കൂളുകൾക്കായി ആദ്യഗഡുവായി 12.50 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചുവെങ്കിലും സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രപ്പോസൽ ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കടിസ്ഥാനത്തിൽ ഭേദഗതി ചെയ്ത് വീണ്ടും സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യം പരിഗണനയിലാണ്. അക്കാരണത്താൽ പ്രസ്തുത തുക വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല.

സർവ്വകലാശാല പരസ്പരം അംഗീകരിക്കാത്ത കോഴ്സുകൾ

7 (* 542) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പരസ്പരം അംഗീകരിക്കാത്ത എത്ര കോഴ്സുകൾ ഇപ്പോൾ നിലവിലുണ്ട് ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly